**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 766** **29.10.2019 -ൽ മറുപടിക്ക്**

നെല്ലിയാമ്പതിയിലെ ടൂറിസം സാധ്യതകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ബാബു : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | നെന്മാറ നിയോജക മണ്ഡലത്തിലെ നെല്ലിയാമ്പതിയിലെ ടൂറിസം സാധ്യതകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം സാധ്യതകളാണുള്ളതെന്ന് വിശദമാക്കുമോ ; | എ) | നെല്ലിയാമ്പതി വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശമായതിനാൽ ടൂറിസം സാധ്യതകളെ സംബന്ധിച്ച ടൂറിസം വകുപ്പ് പഠനം നടത്തിയിട്ടില്ല. |
| ബി) | നെല്ലിയാമ്പതിയിൽ ടൂറിസം വകുപ്പിന് എത്ര ഏക്കർ ഭൂമിയാണ് കൈമാറി കിട്ടിയിട്ടുള്ളതെന്ന് അറിയിക്കുമോ; | ബി) | നെല്ലിയാമ്പതിയിൽ ടൂറിസം വകുപ്പിന് 25 ഏക്കർ ഭൂമിയാണ് കൈമാറി കിട്ടിയിട്ടുള്ളത്. |
| സി) | ടൂറിസം വികസനത്തിന് ഏറെ സാധ്യതയുള്ള നെല്ലിയാമ്പതിയിൽ അടിയന്തരമായി ടൂറിസം പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; നിലവിൽ ഇത് സംബന്ധിച്ച് നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ? | സി) | ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 25 ഏക്കർ സ്ഥലത്താണ് ടൂറിസം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ടി സ്ഥലത്തിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വേ പാലക്കാട് ഡി.ടി.പി,സി മുഖേന നടത്തുകയുണ്ടായി. നെല്ലിയാമ്പതി സന്ദർശിക്കുന്ന സഞ്ചാരികൾക്ക് ആവശ്യമായ താമസസൗകര്യം നിലവിലില്ല. ആയതിനാൽ ടി സ്ഥലത്ത് ആവശ്യമായ അടിസ്ഥാന സൗകര്യവും ഒരുക്കുന്നതിനുള്ള പദ്ധതി ടൂറിസം വകുപ്പിന്റെ പരിഗണനയിലുണ്ട്. ഇതിനായി വകുപ്പിന്റെ എംപാനൽഡ് ആർക്കിടെക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

2